(Pages : 3) **N – 8349**

Reg. No. : ..............................

Name : ..............................

# Final Year B.A. Degree Examination, August 2022

## Malayalam Language and Literature

## Part III – Paper – III : ഗദ്യസാഹിത്യം

Time : 3 Hours Max. Marks : 100

I. ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും ഏഴെണ്ണത്തിന് ഉത്തരമെഴുതുക.

1. "ആരോടും ഒറ്റയ്ക്കൊരു വിമോചനസമരം നടത്താനുള്ള വീറും ചങ്കൂറ്റവുമായി." ആർക്ക്? വ്യക്തമാക്കുക.

2. "ഇത്തവണ ദേവന്റെ മുമ്പിലെത്തുമ്പോൾ ഞാൻ സനാഥയായിരിക്കുമല്ലോ." വക്താവാര്? വിവക്ഷിതമെന്ത്?

3. "പറമ്പിലേക്ക് നോട്ടം നട്ടിരിക്കുന്ന അച്ഛന്റെ കാഴ്ച ഉള്ളിലോട്ടാണ്" - വ്യക്തമാക്കുക.

4. "ഈ കുളി അവനവൻ തന്നേ കുളിച്ചേ പറ്റൂ. തീർത്ഥങ്ങളും അവനവൻ തന്നെ കണ്ട് പിടിച്ചേ പറ്റൂ" - സൂചിതമെന്ത്?

5. "എന്നാൽ അപ്പൻ ഇരുട്ടിന്റെ ഒരു സന്തതിയായിരുന്നു" ആരുടെ വാക്കുകൾ? വ്യക്തമാക്കുക.

6. "കുട്ടപ്പൻ വാദിച്ചു ജയിക്കുവാൻ പണ്ടും മിടുക്കനായിരുന്നല്ലോ" സന്ദർഭവും സാഹചര്യവും വ്യക്തമാക്കുക.

7. "നമ്മള്ള ജീവം കളഞ്ഞു മേല ചെയ്താലും ഒരു ഭലോമില്ല. നമ്മള്ള മണ്ടന്മാരാ." വക്താവാര്? സൂചിതമെന്ത്?

gcvcentrallibrary.in

8. "വ്യക്തമായ രാഷ്ട്രീയ നിലപാട് സ്വീകരിച്ച എഴുത്തുകാരെ ആത്മരക്ഷാപരമായൊരു ഭീതി എപ്പോഴും ഭരിക്കുന്നു." എന്തുകൊണ്ട്?

9. 'താളമില്ലാത്തവർ' - ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**(7 × 4 = 28 Marks)**

II. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ച് എണ്ണത്തിന് ഉത്തരമെഴുതുക.

10. "ഇരുട്ട് വാസ്തവത്തിൽ ഒരു സുഖം തന്നെയാണ്" - നിരീക്ഷണത്തിന്റെ പൊരുൾ വ്യക്തമാക്കുക.

11. 'വാസനാവികൃതി' - ശീർഷകത്തിന്റെ ഭംഗിയും പ്രമേയപ്പൊരുത്തവും പരിശോധിക്കുക.

12. "കടലുകടന്ന് പോയവൻ അരദൈവം" - ഈ അഭിപ്രായപ്രകടനത്തിന് പിന്നിലുള്ള ചേതോവികാരമെന്താണ്?

13. "കൈലാസയാത്രയുടെ മനോഹാരിതകൾ ഭംഗിയായി ആവിഷ്കരിക്കപ്പെട്ട കൃതിയാണ് ലോകത്തിന്റെ മുകൾത്തട്ടിലൂടെ....." - വിലയിരുത്തുക.

14. "മാർത്താണ്ഡവർമ്മ സംഭവ പ്രധാനമായ ഒരു കൃതിയാണ്. കഥാപാത്രപ്രധാനമല്ല" - വിലയിരുത്തുക.

15. "വൃദ്ധസദനം ഒരു ദാർശനിക സമസ്യയല്ല. സമകാലിക യാഥാർത്ഥ്യം വെളിപ്പെടുത്തുന്ന കഥാഖ്യാനമാണ്" - വിവരിക്കുക.

16. "ഉപേക്ഷിക്കപ്പെട്ട മനുഷ്യവ്യക്തിയുടെ വീണ്ടെടുപ്പായിരുന്നു അസ്തിത്വദർശനം" ശരിയോ? പരിശോധിക്കുക.

gcwcentrallibrary.in

**(5 × 6 = 30 Marks)**

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

17. (a) "ഭീമന്റെ അവഗണിതമുഖമാണ് രണ്ടാമൂഴത്തിൽ എം.ടി. അന്വേഷിക്കുന്നതും കണ്ടെത്തുന്നതും" ശരിയോ? തെളിയിക്കുക.

അല്ലെങ്കിൽ

(b) "കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ വർഗ്ഗസമരത്തിന്റെ സൂക്ഷ്മചിത്രം അവതരിപ്പിക്കുന്ന ഭാവോജ്ജ്വലമായ കൃതിയാണ് രണ്ടിടങ്ങഴി" - വിവരിക്കുക.

18. (a) "മനുഷ്യനന്മയെക്കുറിച്ചുള്ള വിശുദ്ധമായ സങ്കീർത്തനങ്ങളാണ് ടി. പത്മനാഭന്റെ കഥകൾ" - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) "പെണ്ണിന്റെ ആന്തരികലോകത്തെ ഏറെ വ്യത്യസ്തമായി അവതരിപ്പിച്ച കഥാകാരികളാണ് ഗ്രേസി, ചന്ദ്രമതി എന്നിവർ" - പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

19. (a) "മലയാളനിരൂപണത്തെ ആധുനികീകരിക്കുന്നതിൽ കെ.പി. അപ്പന്റെ ചിന്താപദ്ധതികൾക്കും ഭാഷയ്ക്കും ഏറെ സംഭാവനകൾ നൽകാനായിട്ടുണ്ട്." - തെളിയിക്കുക.

അല്ലെങ്കിൽ

(b) "മലയാളവിമർശനത്തിലെ സമചിത്തതയുടെ സ്വരമാണ് എസ്. ഗുപ്തൻ നായർ" - വിവരിക്കുക.

**(3 × 14 = 42 Marks)**

gcwcentrallibrary.in